


# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

## സി കെ സി എൽ പി എസ്

## പൊന്നുരുന്നി

# ആമുഖം

വിദ്യാലയത്തെ അക്കാദമിക മികവിന്റെ കേന്ദ്രമായി വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. കുട്ടികൾക്ക് വ്യക്തിഗതമായി അറിവ്, കഴിവ്, മനോവൈജ്ഞാനിക പിന്തുണ എന്നിവ നൽകുന്നതിലൂടെ അവരുടെ ആകെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു. ഓരോ വിദ്യാർത്ഥിയെയും തുല്യമായ ശ്രദ്ധയോടെയും പരിഗണിച്ച്, ഓരോരുത്തരുടെയും സാധ്യതകൾ തിരിച്ചറിഞ്ഞ് പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയാണ് മുഖ്യമായ സമീപനം.

ക്ലാസിൽ കുട്ടികൾക്ക് ലഭിക്കുന്ന പഠനാനുഭവം സമഗ്രവും ജീവിതബന്ധിതവുമാകാൻ ഈ പദ്ധതി ശ്രമിക്കുന്നു. അതിനായി സാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണ്ണ മായും ഉപയോഗപ്പെടുത്തുന്നു. ഡിജിറ്റൽ ഉപകരണങ്ങൾ, സ്മാർട്ട് ക്ലാസ്സ്റൂം സംവിധാനങ്ങൾ, ഓൺലൈൻ പഠനസാധനങ്ങൾ തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിച്ച് അധ്യാപന രീതി കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നു.

പിന്തുണ ആവശ്യമുള്ള കുട്ടികളെ അടിയന്തിരമായി തിരിച്ചറിഞ്ഞ്, വേണ്ടത് പോലെ ഇടപെടലുകൾ നടപ്പാക്കുന്നത് മൂലം വിദ്യാഭ്യാസത്തിൽ പിന്നോട്ടുപോകുന്നവരുടെ എണ്ണം കുറയ്ക്കാൻ സാധിക്കും. ഇതോടൊപ്പം, രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കി കുട്ടികളുടെ പഠനത്തിൽ സമൂഹമികവിന്റെ പങ്കും ഉറപ്പാക്കുന്നു.

ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിലെ പഠനസംസ്കാരം മാറാൻ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ദിശാബോധം ഉണ്ടാക്കാനും, മുഴുവൻ അധ്യാപകസംഘത്തെയും പങ്കാളികളാക്കി മാറ്റാനുമുള്ള ശ്രമമാണ്. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും കേന്ദ്രമാക്കി തയ്യാറാക്കിയ ഈ സമഗ്ര പദ്ധതി, വിദ്യാലയ വികസനത്തിന് നിർണായകമായ ചുവടുവെയ്പായിരിക്കും.

പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിൻ്റെ നിലവാരത്തിൽ പുത്തൻ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിലേക്കാണ് മുന്നേറുന്നത്. ഈ പദ്ധതിയുടെ ദീർഘവീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പൊന്നുരുന്നി സി കെ സി എൽ പി എസ് രൂപപ്പെടുത്തിയിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ, അധ്യാപന- പഠന പ്രവർത്തനങ്ങൾക്ക് ദിശയും ഘടനയും നൽകുന്ന ഒരു വിജ്ഞാനരേഖയായി നിലകൊള്ളുന്നു.

പ്രധാനാധ്യാപിക ശ്രീമതി. മേരി ജയ കെ

## അധ്യാപികമാർ

ശ്രീമതി. ബിജി തോമസ്

ശ്രീമതി. ഗ്ളീന സൈമൺ പി

ശ്രീമതി. സുജ ജേക്കബ് കെ

ശ്രീമതി. ക്രഷൻസ്യ സി എക്സ്

ശ്രീമതി. ലിയാലിൻ ജോബ്

സിസ്റ്റർ. സോളി എം ഡി

ശ്രീമതി. ഷൈനി സേവ്യർ

ശ്രീമതി. അനിത കെ എഫ്

ശ്രീമതി. സ്വീറ്റ എ എം

ശ്രീമതി. മെറിൻ വി ജെ

ശ്രീമതി. ലിയാ ജോസഫ്

ശ്രീമതി. ജോഫ്ന ടി ജെ

**STRENGTH DETAILS**

| STD | DIV | BOYS | GIRLS | TOTAL |
|---|---|---|---|---|
| I | 3 | 54 | 53 | 107 |
| II | 3 | 66 | 41 | 107 |
| III | 3 | 69 | 40 | 109 |
| IV | 4 | 67 | 56 | 123 |
| TOTAL | 13 | 256 | 190 | 446 |

## പൊതുലക്ഷ്യങ്ങൾ

• പഠനത്തെ പരിസര•വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.

• എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാവുക.

• മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയിലും ഉയർന്ന ശേഷി കൈവരിക്കുക.

• മികച്ച ശാരീരിക-മാനസിക- വൈകാരിക ആരോഗ്യം ഉറപ്പാക്കുക.

• സംഘപഠനമുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ വ്യക്തിഗത വിലയിരുത്തൽ. ബന്ധിയും ജീവിതഗന്ധിയുമാക്കാൻ ജൈവ വൈവിധ്യ ഉദ്യാനം മോടി പിടിപ്പിക്കുക.

• വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു. എഴുതുന്നു. | . പ്രീ-ടെസ്റ്റ്-<br>. പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>. അക്ഷരങ്ങൾ,ചിഹ്നങ്ങൾ,അടയാളങ്ങൾ ഇവ ഉറപ്പിക്കൽ.<br>. അക്ഷര കാർഡുകൾ,ചിത്രങ്ങൾ ഇവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ.<br>. അടികുറിപ്പ് നൽകൽ.<br>. കഥാചിത്രങ്ങൾ നൽകി,കഥപറയൽ എഴുതൽ<br>. കഥാപൂരണം<br>. വായിച്ച പുസ്തകം പരിചയപ്പെടൽ.<br>. വായനാ കുറിപ്പ്<br>. പതിപ്പുകൾ,ചുമർ പത്രിക | ജൂൺ - | ക്ലാസ് ടീച്ചർ | |
| 2. എല്ലാ കുട്ടികളും ആശയവ്യക്തതയ ോടെ വായിക്കുന്നു എന്നുറപ്പാക്കുന്നു. | • വായനമൂല , ക്ലാസ് ലൈബ്രറി രൂപികരിക്കൽ<br>• വായനക്കൂട്ടം പത്രവായന - അക്ഷരസ്ഫുടതയോടെയും ആശയ വ്യക്തതയോടെയും വായിക്കൽ<br>• കഥാപുസ്തകങ്ങൾ വായിക്കുന്നു , വായിച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• വായിച്ച കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• പുതിയ വാക്കുകളുടെ അർത്ഥങ്ങൾ കണ്ടെത്തൽ<br>• മികച്ച കഥകൾക്ക് രംഗാവിഷ്കാരം നടത്തൽ | ജൂൺ - | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക<br>രക്ഷിതാക്കൾ | സ്റ്റാഫ് |
| 3.എല്ലാ കുട്ടികളും മികച്ച ആശയ വിനിമയശേഷി നേടിയെന്നു റപ്പാക്കുക. | . കഥാരചന, കവിതരചന,<br>. ചിത്രരചന, പതിപ്പ് ഇൻലന്റ് മാഗസിൻ,<br>• ബാലസഭ, സ്കൂൾ സഭ<br>• ദിനാചരണങ്ങൾ-<br>പ്രസംഗം,സംവാദം,ക്വിസ്-<br>പാഠഭാഗങ്ങളുടെ | ജൂൺ - മാർച്ച് | എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| സർഗാത്മക രചനകളിലേർ പ്പെടൽ | ദൃശ്യാവിഷ്കാരം,ചുമർപത്രിക<br>• വായനാസാമഗ്രികൾ വികസിപ്പിക്കൽ പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>• ഇ- വായന സാധ്യതകൾ കണ്ടെത്തൽ വിക്കിപീഡിയ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ- വീഡിയോ കാണൽ.<br>• ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ.<br>• വായന പോത്സാഹിപ്പിക്കൽ | | പ്രധാനാധ്യപിക | |

# ENGLISH

| AIM | ACTIVITIES | DURATION | DUTY | FUND |
|---|---|---|---|---|
| Listening | Pretest<br>Games<br>Action songs<br>Hello English activities | June-August | Teachers | |
| Speaking | Descriptions<br>Growing sentences<br>Picture reading<br>Picture description<br>Self introduction<br>Assembly | June - March | Teachers<br>parents | |
| Reading | Description<br>Growing sentences<br>Picture reading<br>Quiz<br>Find words from reading material<br>Rhyming words<br>Describing words from textbook<br>Conduct English Assembly<br>Making reading card | June - March | Teachers<br>parents | |
| Writing | Make Word Web<br>Picture description<br>Riddles<br>Conversation<br>Diary writing<br>Letter writing<br>Word Chain<br>Chain Sentence<br>Develop story<br>Make word web | June - March | Teachers<br>parents | |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കുക<br><br>•ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക. | • പ്രകൃതിപഠനയാത്രകൾ സംഘടിപ്പിക്കുന്നു<br>• അടുത്തുള്ള കൃഷിത്തോട്ടം,ഫാം, സാംസ്കാരിക നിലയങ്ങൾ തുടങ്ങി പ്രാധാന്യമുള്ള ഇടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുന്നു.<br>• സ്കൂൾ തല പഠനോത്സവം സംഘടിപ്പിച്ച് കുട്ടികളുടെ പഠനോൽപ്പന്നങ്ങൾ ഉളപ്പടെയുള്ളവ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പ്രദർശിപ്പിക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക | |
| •കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം ഗവേഷണ മനോഭാവം എന്നിവ വളർത്തുന്നു. | •ഗ്ലോബ്മാപ്പുകൾ,മോഡലുകൾ, ചാർട്ട്, പതിപ്പുകൾ, പരീക്ഷണ ഉപകരണങ്ങൾ, അളവുപാത്രങ്ങൾ, എന്നിവയോട് കൂടി ശാസ്ത്രലാബ് നിർമ്മാണം -ശാസ്ത്രകിറ്റ്, ശാസ്ത്ര ലാബ് സജ്ജമാക്കുന്നു. | | | |
| •ശാസ്ത്രത്തിനും സാമൂഹ നന്മക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക | •ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. -ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ടപ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു.<br>• നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>• ജീവചരിത്രക്കുറിപ്പുകൾ, പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു.<br>• ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക | |
| •ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ശാസ്ത്രീയരംഗത്തെ നൂതനാശയങ്ങളെ പരിചയപ്പെടുന്നു. | •പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ പട്ടികപ്പെടുത്തുന്നു. •യഥാസമയങ്ങളിൽ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ - മാർച്ച് | എസ് ആർ ജി | |
| •പ്രകൃതിയെഅടുത്ത റിയാൻ അവസരമൊരുക്കുക. | •പ്രകൃതി നടത്തം<br>• പച്ചക്കറി കൃഷി<br>• പൂന്തോട്ട നിർമാണം | | | |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | •പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തി രക്ഷിതാക്കളെ അറിയിക്കുന്നു. •സംഖ്യബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യക്തിഗത ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസിൽ നൽകുന്നു. •അടിസ്ഥാന ഗണിതക്രിയകൾ മുൻനിർത്തിയുള്ളപ്രവർത്തനങ്ങൾ, - (പസിലുകൾ, കുസൃതികണക്കുകൾ സംഖ്യാപ്രശ്നം,കണക്കിലെ കളികൾ മുതലായവലൂടെ അടിസ്ഥാന ഗണിതക്രിയകളെ ഉറപ്പിക്കൽ) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക<br>എസ് ആർ ജി | |
| •ഗണിതപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക •ഗണിതപഠനത്തോട് താത്പര്യം ജനിപ്പിക്കുക •ഗണിതശാസ്ത്ര സംഭാവനകൾ നൽകിയവരോട് ആദരവ് പുലർത്തുക | • ദിനാചരണങ്ങൾ സംഘടിപ്പിക്കുക. • ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുക • പതിപ്പുകൾ നിർമ്മിക്കൽ. • ഗണിതശാസ്ത്രത്തിന്റെ ചരിത്രവും പ്രാധാന്യവും മനസ്സിലാക്കുന്നതിന് ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക<br>എസ് ആർ ജി | |
| •ഗണിതപഠനം ആസ്വാദ്യകരമാക്കിത്തീർക്കുക •ഗണിതത്തെ പ്രായോഗിക നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | •ജൈവ വൈവിധ്യപാർക്ക്,പച്ചക്കറിത്തോട്ടം എന്നിവയിൽ ജ്യാമതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്ഥലം സജ്ജമാക്കൽ •പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം •നിത്യജീവിതത്തിലെ ഗണിതസന്ദർഭങ്ങളെ കണ്ടെത്തി ലഘുപ്രോജക്റ്റ് തയ്യാറാക്കുക. (വീട്ടിലെ വരവ് ചെലവ് കണക്ക്) •ഗണിതലാബ് സജ്ജീകരിക്കൽ •വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതമൂല സജ്ജീകരിക്കുന്നു. •ഓരോ ക്ലാസ് മുറിയിലും ഗണിതമൂല സജ്ജീകരിക്കുന്നു. •ഗണിതശാസ്ത്ര പുസ്തകങ്ങൾ, പതിപ്പുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാധ്യപിക<br>എസ് ആർ ജി | |

# കലാ - കായികാരോഗ്യം - ഭൗതീകം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക | •കാലയളവ് കായിക വിനോദങ്ങൾക്ക് കൂടുതൽ അവസരം ഒരുക്കൽ<br>ഇതിന്റെ ഭാഗമായി ഫുട്ബോൾ ക്രിക്കറ്റ്, തുടങ്ങിയവയിൽ ഏതെങ്കിലും ഒരു കളിയിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.<br>•കളരി,യോഗ തുടങ്ങിയ ആയോധനകലകൾ പരിശീലിക്കൽ<br>•നിശ്ചിത ഇടവേളകളിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>•എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു<br>•സമീപപ്രദേശത്തെ ആർട്ട്സ് സ്പോർട്സ് ക്ലബ്ബിൽ അംഗത്വം എടുക്കുന്നു<br>• എല്ലാ കുട്ടികൾക്കും അവരുടെ പ്രദേശ ക്ലബ്ബിൽ അംഗത്വം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>പ്രധാനാ ധ്യപിക<br>എസ് ആർ ജി | |
| ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തുക | •ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയ പരിസരം വൃത്തിയാക്കുന്നു.<br>•ശുചിത്വവുമായി ബന്ധപ്പെട്ട സർവ്വേ ഫോറം തയ്യാറാക്കി സർവ്വേ നടത്തുന്നു<br>•ശുചിത്വ ശീലം പാലിക്കുന്നവരെ അഭിനന്ദിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| റോഡ് സുരക്ഷാ മാർഗങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക | •റോഡ് സുരക്ഷാ മാർഗങ്ങളെ കുറിച്ച് ചർച്ച<br>•ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| ലഹരി ഉപയോഗത്തെ കുറിച്ച് ബോധവത്കരണം നടത്തുക | •ലഹരി വിരുദ്ധ പോസ്റ്റർ നിർമാണം ,<br>•ലഹരിയുടെ ദൂഷ്യഫലങ്ങളെയേ കുറിച്ചുള്ള വീഡിയോ പ്രസന്റേഷൻ | ജൂൺ | ക്ലാസ് ടീച്ചർ | |
| പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും ഉറപ്പുവരുത്തൽ | •പൊതുമുതൽ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ്<br>•പൊതുമുതൽ ഏതൊക്കെ എന്ന് കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു<br>• പൊതുമുതൽ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള പോസ്റ്റർ നിർമാണം | ജൂൺ | ക്ലാസ് ടീച്ചർ | |